# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2369 08.07.2015 - ൽ മറുപടിക്ക്

## കുടിവെള്ളത്തിലെ ലവണങ്ങളുടെ അംശം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പല ജില്ലകളിലും ഉപയോഗിക്കുന്ന കുടിവെള്ളത്തിൽ ഇരുമ്പിന്റെ അംശം, ഉപ്പ്, നൈട്രേറ്റ്, ഫ്ളൂറൈഡ് എന്നിവ ക്രമാതീതമായി ഉൾപ്പെട്ടതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് സർക്കാരിന്റെ ഏതെങ്കിലും ഏജൻസി പഠനം നടത്തിയിട്ടുണ്ടോ; | (ബി) & (സി) | കേന്ദ്ര സർക്കാരിന്റെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഗ്രാമീണ ശുദ്ധജല സ്രോതസ്സുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഇപ്രകാരം ഉള്ള സ്രോതസ്സുകളുടെ പരിശോധനാഫലം കേന്ദ്രസർക്കാരിന്റെ വെബ്സൈറ്റിൽ (www.indiawater.gov.in) പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഇപ്രകാരമുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ 01.04.2015-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ 751 ഗ്രാമപഞ്ചായത്ത് വാർഡുകളിലെ (2001 സെൻസസ് പ്രകാരം) ശുദ്ധജലസ്രോതസ്സുകളിൽ മേൽപ്പറഞ്ഞ രാസമാലിന്യങ്ങളുടെ സാന്നിദ്ധ്യം ഇൻഡ്യൻ സ്റ്റാൻഡേർഡ് 10500:2012 അനുശാസിക്കുന്ന അനുവദനീയമായ പരിധിയിലും കൂടുതലായി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ജില്ല തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയിട്ടുള്ളതെന്നും ഏതെല്ലാം ജില്ലകളിലെ കുടിവെള്ളത്തിലാണ് ഇത്തരം ലവണങ്ങൾ കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (ഡി) | ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | (ഡി) | കുടിവെള്ളഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനായി കേരള ജല അതോറിറ്റി പ്രത്യേകം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതനുസരിച്ച് കുടിവെള്ളഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങളിലേക്ക് സമീപത്തുള്ള സുരക്ഷിതമായ സ്രോതസ്സുകളിൽ നിന്നും ജലം ശുദ്ധീകരിച്ച് ലഭ്യമാക്കുന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നത്. കൂടാതെ ജലനിധി റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ, ഇരുമ്പ് നിർമ്മാർജ്ജന പ്ലാന്റുകൾ, ടെറാഫിൽ ഫിൽറ്ററേഷൻ പ്ലാന്റുകൾ മുതലായവ വെള്ളത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനു വേണ്ടി സ്ഥാപിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ